(സി) പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിവഴി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവുകൾക്കും ആനുകൂല്യം ലഭിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ ബാധകമാണ്.

പ്രസ്തുത സ്ഥാപനം ജില്ലയുടെ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് ഉൽപ്പന്നത്തിൽ അധിഷ്ഠിതമാകണം. വിറ്റുവരവ് 1 കോടി രൂപയിൽ അധികം ആയിരിക്കണം. പദ്ധതി ചെലവ് നിലവിലെ വിറ്റുവരവ് അധികരിക്കാൻ പാടുള്ളതല്ല. പ്രസ്തുത ഉല്പ്പന്നവുമായി ബന്ധപ്പെട്ട് കുറഞ്ഞത് മൂന്ന് വർഷമെങ്കിലും അനുഭവജ്ഞാനം ഉള്ളവർ ആയിരിക്കണം. സംഘത്തിലെ അംഗങ്ങൾ പദ്ധതി ചെലവിന്റെ 10%-വും പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണിയും കണ്ടെത്താൻ സംഘം പ്രാപ്തരായിരിക്കണം.

**പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുജ്ജീവനം**

186 (571) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

താഴെപ്പറയുന്ന പദ്ധതികളാണ് കൈത്തറി മേഖലയിൽ നടപ്പാക്കി വരുന്നത്.

1) മൂലധന സഹായ പദ്ധതികൾ

എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

ബി) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.

2) പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ

എ) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

ബി) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

LIBRARY ARCHIVES Kerala Legislative Assembly

സി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/യുവ വീവ് പദ്ധതി.

ഡി) നെയ്ത്തുകാർ, മറ്റ് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി.

ഇ) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

3) <u>പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ</u>

എ) അംശദാന സമ്പാദ്യപദ്ധതി.

ബി) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

4) <u>ഉൽപ്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ</u>

എ) വിപണന കയറ്റുമതി പ്രോത്സാഹനം.

ബി) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും.

സി) പരിശീലന, വൈവിദ്ധ്യ ശേഷി വികസന പരിപാടി.

5) <u>സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി</u>. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കേരളാ സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരളാ ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള സംസ്ഥാന പനയുൽപ്പന്ന വികസന ക്ഷേമ കോർപ്പറേഷൻ എന്നീ സംസ്ഥാനതല സ്ഥാപനങ്ങളിലൂടെ ഈ മേഖലയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിലേയ്ക്കായി വർഷാവർഷം ബഡ്ജറ്റ് വിഹിതവും അനുവദിക്കുന്നുണ്ട്. ഇപ്രകാരം നൽകുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കരകൗശലത്തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ചുനൽകുക, നൈപുണ്യ വികസന പരിശീലനങ്ങൾ നൽകുക, ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നിവ നടത്തിവരുന്നു. കൂടാതെ കരകൗശല മേഖലയിൽ സ്വകാര്യ സംരംഭങ്ങൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ആഷ എന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. അതുപ്രകാരം പുതുതായി ആരംഭിക്കുന്ന കരകൗശല സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 50% വരെ തുക (കാറ്റഗറി അടിസ്ഥാനത്തിൽ) ഗ്രാന്റ് ആയി നൽകുന്നു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കശുവണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന് 30 ഫാക്ടറികളും സഹകരണ അപ്പെക്സ് സൊസൈറ്റിയായ കാപ്പെക്സിന്റെ അധീനതയിൽ 10 കശുവണ്ടി ഫാക്ടറികളുമാണുള്ളത്. ഇതിൽ കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരം കേരള കശുവണ്ടി വികസന കോർപ്പറേഷൻ സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുത്ത 20 കശുവണ്ടി ഫാക്ടറികളും കാപ്പെക്സിന്റെ കീഴിലുള്ള 10 ഫാക്ടറികളും ഉൾപ്പെടുന്നു. പ്രസ്തുത ഫാക്ടറികളെല്ലാം കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും പ്രോട്ടോക്കോൾ പാലിച്ച് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽനിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. അടുത്ത വർഷം 50000 മെട്രിക് ടൺ തോട്ടണ്ടി വിവിധ കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത്, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും തോട്ടണ്ടിയുടെ അഭാവത്തിൽ പ്രവർത്തനരഹിതമായ സ്വകാര്യ മേഖലയ്ക്കും വിൽപ്പന നടത്തി അവയുടെ അധീനതയിലുള്ള ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാനും അതുവഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. 2020-21 മുതൽ ജീവിതത്തിന്റെ സമസ്ത മേഖലയിലും കോവിഡ് മഹാമാരി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞ 5 വർഷക്കാലം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 511 ദിവസവും കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികൾക്ക് 873 ദിവസവും തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി

LIBRARY ARCHIVES Kerala Legislative Assembly

പ്രതിവർഷം മിനിമം 200 തൊഴിൽ ദിനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും പ്രവർത്തിക്കുന്നത്. കൂടാതെ കോവിഡ് സൃഷ്ടിച്ച കനത്ത തകർച്ചയിൽനിന്നും കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്, സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കശുമാവ് കൃഷി വികസന ഏജൻസി കർഷകർക്ക് സൗജന്യമായി കശുമാവിൻ തൈകൾ വിതരണം ചെയ്തു വരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാന അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റികൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ കശുമാവ് കൃഷി വികസന ഏജൻസി വാങ്ങി, നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാന സൗകര്യവികസനത്തിനും ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവൽക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം കശുവണ്ടി ഫാക്ടറിത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ജീവിത നിലവാരവും ഉറപ്പു വരുത്താൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ പാരിറ്റി അനുസരിച്ച് കൂടുതൽ തൊഴിലാളികളെ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 2021-22 കാലയളവിൽ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളിലെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും (h/a 4851-00-195-99) വകയിരുത്തിയിരുന്ന 500 ലക്ഷം രൂപയിൽനിന്നും 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപോലെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണവും നടത്തുന്നതിന് 2021-22 കാലയളവിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്. പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി 06-2-2019-ൽ ബഹു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം പ്രതിസന്ധിയിലകപ്പെട്ട സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽ യോഗതീരുമാനത്തെതുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിരുന്നു. പിന്നീട്, സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21-12-2020-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും പുനഃക്രമീകരിക്കാനാകാത്ത വായ്പകളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 4 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12-7-2021-ന് ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തി വയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തു. കൂടാതെ 22-9-2021-ൽ ഇതേ വിഷയത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹു. വ്യവസായ വകുപ്പുമന്ത്രി ബാങ്ക് പ്രതിനിധികളും വ്യവസായികളുടെ പ്രതിനിധിയും പ്രിൻസിപ്പൽ സെക്രട്ടറിയും മറ്റുമായി ചർച്ച നടത്തുകയും വ്യവസായികളുടെ ആവലാതികൾ പരിഹരിക്കുന്നതിന് ഒരു ഫോർമുല കണ്ടെത്തുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി (കാഷ്യൂ)-യെ ചുമതലപ്പെടുത്തുകയും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും അതുവരെ മറ്റ് നിയമ നടപടികൾ ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികളുടെ മേൽ ചുമത്തരുതെന്നും നിർദ്ദേശിച്ചു. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്. പരമ്പരാഗത വ്യവസായ മേഖലയായ ഖാദിയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പരിഷ്കരിച്ച നിരക്കിലുള്ള മിനിമം വേതനം 2019 ആഗസ്റ്റ് 1 മുതൽ തൊഴിലാളികൾക്ക് അനുവദിച്ചുനൽകൽ എന്നിവ പ്രാവർത്തികമാക്കി. ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കിവരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, പ്രൊമോഷൻ പ്രോഗ്രാം എന്ന നിലയിൽ "ഖാദി ഡേ പദ്ധതി" നടപ്പിലാക്കുക, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിവരികയാണ്. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു. കയർ മേഖലയിൽ കയർഫെഡിന്റെ ഇ-കൊമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. ചകിരി ചോറിൽനിന്നും മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും ഡിസൈനർ കാർപ്പെറ്റുകൾ മാർക്കറ്റിൽ ഇറക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയർ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ:

LIBRARY ARCHIVES Kerala Legislative Assembly

1. കയർ ഭൂവസ്ത്ര പ്രവർത്തനം കേരളത്തിലെ മുഴുവൻ പ്രാദേശിക സർക്കാരുകളുമായും ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണൊലിപ്പ് തടയൽ, നീർത്തട വികസനം, പാടശേഖരങ്ങളുടെയും ബണ്ടുകളുടെയും പുറംഭിത്തി ബലപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം വർദ്ധിച്ച രീതിയിൽ ഉപയോഗപ്പെടുത്തുവാനുള്ള ശ്രമം തുടർന്നു വരുന്നു.

2. ഗ്രാമീണ റോഡുകൾ ഉറപ്പുള്ളതാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കൽ, കേരളത്തിന്റെ പൊതുമരാമത്ത് റോഡുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കാലം നിലനിർത്തുന്നതിനും ഉതകുന്ന തരത്തിൽ നിർമ്മാണ പ്രക്രിയയിൽ കയർ ഭൂവസ്ത്രം ഫലപ്രദമായി ഉപയോഗിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തും.

3. കയർ ഉൽപ്പന്നങ്ങളും മറ്റ് അനുബന്ധ ഉൽപ്പന്നങ്ങളും വിദേശ വിപണികളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും പരമാവധി വിറ്റഴിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തും.

4. കയർ ഭൂവസ്ത്ര പ്രവർത്തനങ്ങൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കും.

5. കയർ ഉല്പന്നമേഖലയിൽ പുതിയതരം ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പരിപാടികൾ ശക്തിപ്പെടുത്തും.

6. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ (ചകിരി, വിവിധതരം കയറുകളും) കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ലസ്റ്റർ നിലവാരത്തിൽ തൊണ്ട് തല്ല്, ചകിരി പിരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ തൊണ്ടുകളും ഇവിടെത്തന്നെ സംസ്കരിക്കുന്നതിനുമുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തും.

7. കയർ വ്യവസായ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടിയെടുക്കുന്നതിനുള്ള പരിശീലന പരിപാടികൾ ശക്തിപ്പെടുത്തും.

8. കയർ മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും അവരുടെ ജീവ സംന്ധാരണത്തിന് ഉതകുന്നതരത്തിലുള്ള സേവന-വേതന ഘടനകൾ നടപ്പിലാക്കും.

LIBRARY ARCHIVES Kerala Legislative Assembly